ഉത്തരത്തിൽ തിരുത്ത്:

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2016 സെപ്റ്റംബർ 26-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 124-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2016 സെപ്റ്റംബർ 26-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 124-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.124

നിയമലംഘനം നടത്തുന്ന വാഹനങ്ങൾ

(എ) ആഭ്യന്തരവകുപ്പിൽ ഇതുസംബന്ധിച്ച് വ്യക്തികളുടെയോ, സംഘടനകളുടെയോ പരാതി ലഭിച്ചിട്ടില്ല. നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഗതാഗത തടസ്സം ഉണ്ടാകാത്തവിധം സൂക്ഷിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങൾ സൂക്ഷിക്കുവാനുള്ള യാഡുകൾ തയ്യാറാക്കി പ്രസ്തുത വാഹനങ്ങളെ അവിടേയ്ക്ക് മാറ്റുവാനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലഭ്യമാണ്. ഇവയിൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉടമസ്ഥരില്ലാത്തതുമായ വാഹനങ്ങൾ (Unclaimed Vehicles) ലേലം ചെയ്തു വിൽക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടിച്ചെടുത്തതും, മറ്റ് ഡിപ്പാർട്ടുമെന്റുകൾ പിടിച്ചെടുത്ത് കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനുമായി ഏൽപ്പിച്ചതുമായ വാഹനങ്ങൾ ദീർഘകാലം സൂക്ഷിക്കേണ്ട അവസരത്തിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും പോലീസ് അധീനതയിലുള്ള സ്ഥലങ്ങളിലും, പോലീസ് സ്റ്റേഷനടുത്തുള്ള പൊതു സ്ഥലങ്ങളിലും, പൊതുജനങ്ങൾക്കും മറ്റും ശല്യമല്ലാത്ത രീതിയിലും ഗതാഗത തടസ്സം വരാത്ത രീതിയിലുമാണ് സൂക്ഷിച്ചുവരുന്നത്.